**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2990** **14-02-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളുടെ അക്കാദമിക മികവിനും പശ്ചാത്തല വികസനത്തിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്തു നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുവകകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും വൈവിധ്യവും കാലിക പ്രസക്തവുമായ കോഴ്സുകൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഗുരുവായൂർ ദേവസ്വത്തിന്റെ അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ ഭരണ സമിതി സ്വീകരിച്ചു വരുന്നു.<br><br>ഇത്തരം പദ്ധതികൾ ആരംഭിക്കുന്നത് നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിഗണനയിലില്ല.<br><br>ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന്റെ തനത് ഫണ്ട് നിലവിൽ പര്യാപ്തമല്ല.<br><br>ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിന് കൂടൽമാണിക്യം ദേവസ്വത്തിന്റെ സാമ്പത്തിക സ്ഥിതി നിലവിൽ പര്യാപ്തമല്ല.<br><br>മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ